പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തൊഴിലധിഷ്ഠിത ഹയർസെക്കണ്ടറി വിഭാഗം
ഹൗസിംഗ്ബോർഡ് ബിൽഡിംഗ്
തിരുവനന്തപുരം-1
Ph 0471 2325323
e-mail:dirvhse.dge@kerala.gov.in

150 YEARS OF CELEBRATING THE MAHATMA

നമ്പർ:ഇ7/2647/2022 തീയതി, 22.04.2022

## പരിപത്രം

വിഷയം:- പൊതുവിദ്യാഭ്യാസം - വി.എച്ച്.എസ്.ഇ- ജീവനക്കാര്യം- പൊതുസ്ഥലംമാറ്റം 2022-2023 - പൊതുസ്ഥലംമാറ്റത്തിനായുള്ള പോർട്ടലിലെ ജീവനക്കാരുടെയും അധ്യാപകരുടെയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നത്- സംബന്ധിച്ച്.

സൂചന:-
1. 29.06.2021 ലെ സ.ഉ(കൈ) നം.152/2021/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
2. 04.12.2021 ലെ സ.ഉ(കൈ)നം.288/2021/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്.
3. 18.03.2022 ലെ GEDN- U1/107/2022-GEDN നമ്പർ സർക്കാർ കത്ത്.
4. 20.04.2022 ലെ GEDN-U3/21/2021-GEDN – Part (1) നമ്പർ സർക്കാർ കത്ത്.

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (1), (2), (3) എന്നീ സൂചനകളുടെ അടിസ്ഥാനത്തിൽ 2022-2023 വർഷത്തെ പൊതുസ്ഥലംമാറ്റ നടപടികൾ ആരംഭിക്കാൻ സൂചന (4) പ്രകാരം സർക്കാർ അനുമതി ലഭിച്ചിരിക്കുന്നു. പൊതുസ്ഥലംമാറ്റം 2022-2023 ന്റെ ആദ്യഘട്ടമായി പൊതുസ്ഥലംമാറ്റത്തിനായുള്ള പോർട്ടലിൽ ലഭ്യമായ അധ്യാപകരുടെയും ക്ലാർക്കുമാർ ഉൾപ്പടെയുള്ള ജീവനക്കാരുടെയും വിവരങ്ങൾ പരിശോധിച്ച് തെറ്റുകൾ ഉണ്ടെങ്കിൽ തിരുത്തി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യേണ്ടതുണ്ട്. ആയതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രകാരം എല്ലാ ഗവ:സ്കൂൾ പ്രിൻസിപ്പൽമാരും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. പൊതുസ്ഥലംമാറ്റത്തിനായുള്ള www.vhsetransfer.kerala.gov.in എന്ന പോർട്ടലിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന user name, password എന്നിവ ഉപയോഗിച്ച് admin login ചെയ്യേണ്ടതാണ്.
2. അതിനുശേഷം staff details എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് add/edit teachers list ക്ലിക്ക് ചെയ്യുക. അപ്പോൾ കാണുന്ന പേജിൽ നിലവിൽ സ്കൂളിൽ ജോലി ചെയ്യുന്ന എല്ലാ അധ്യാപകരുടെയും ജീവനക്കാരുടെയും വിവരങ്ങൾ ലഭ്യമാകും. ഓരോ ജീവനക്കാരുടെയും നേരെയുള്ള edit ബട്ടൺ ക്ലിക്ക് ചെയ്ത് ലഭിക്കുന്ന പേജിൽ കാണുന്ന വിവരങ്ങൾ പരിശോധിച്ച് തെറ്റുണ്ടെങ്കിൽ തിരുത്തുക. അതിനുശേഷം update verified data ബട്ടൺ ക്ലിക്ക് ചെയ്യുക. ഓരോ ജീവനക്കാരന്റെയും വിവരങ്ങൾ ഈ രീതിയിൽ update ചെയ്തതിന് ശേഷം staff details ലിങ്കിലെ add/edit teachers list ലിങ്കിൽ ക്ലിക്ക് ചെയ്യുമ്പോൾ ലഭിക്കുന്ന പേജിലെ വലതു വശത്ത്

ഏറ്റവും മുകളിലായി കാണുന്ന forward teachers list എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ update verified data ചെയ്തതിന് ശേഷം അവസാനം മാത്രമേ forward teachers list എന്ന ബട്ടൺ ക്ലിക്ക് ചെയ്യാൻ പാടുള്ളു.

3. ജീവനക്കാരുടെ employment details ൽ നിലവിൽ ജോലി ചെയ്യുന്ന തസ്തികയുടെ വിവരങ്ങൾ മാത്രമേ ചേർക്കാൻ പാടുള്ളു.
4. ജീവനക്കാരുടെ service details ൽ വി.എച്ച്.എസ്.ഇ യിലെ എല്ലാ സർവ്വീസും ഉൾപ്പെട്ടിട്ടുണ്ടോയെന്നും ഓരോ കാലയളവിലും ജോലി ചെയ്ത തസ്തികയുടെ വിവരങ്ങൾ ശരിയാണോയെന്നും പരിശോധിക്കേണ്ടതാണ്. ഏതെങ്കിലും വിവരങ്ങൾ വിട്ടുപോയിട്ടുണ്ടെങ്കിൽ ചേർക്കേണ്ടതും തെറ്റുണ്ടെങ്കിൽ തിരുത്തേണ്ടതുമാണ്.
5. സ്കൂളിൽ നിലവിൽ ജോലി ചെയ്യുന്നതും staff details ൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ ജീവനക്കാരുടെയും അധ്യാപകരുടെയും വിവരങ്ങൾ add a teacher എന്ന ലിങ്ക് ഉപയോഗിച്ച് add ചെയ്ത് വിവരങ്ങൾ update verified data ചെയ്യേണ്ടതാണ്. staff details ൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ നിലവിൽ സ്കൂളിൽ ഇല്ലാത്തതുമായ ജീവനക്കാരുടെ വിവരങ്ങൾ (School code, teacher ID, name, designation, remarks) എന്നിവ vhsetransfer2022@gmail.com എന്ന e-mail ൽ മെയിൽ ചെയ്യേണ്ടതാണ്.
6. ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാര്യത്തിൽ post എന്നത് സ്കൂളിൽ അനുവദിച്ച തസ്തികയും actual post എന്നത് ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് പഠിച്ച കോഴ്സുമാണ് ചേർക്കേണ്ടത്.
7. സംശയങ്ങൾ ഉണ്ടെങ്കിൽ vhsetransfer2022@gmail.com എന്ന e-mail ൽ മെയിൽ ചെയ്യേണ്ടതാണ്.
8. പൊതുസ്ഥലംമാറ്റത്തിനായുള്ള പോർട്ടൽ അപ്ഡേറ്റ് ചെയ്യുന്നതിനായി 27.04.2022 വൈകുന്നേരം 5 മണിവരെ സമയം അനുവദിച്ചിട്ടുണ്ട്.
9. പൊതുസ്ഥലംമാറ്റ റാങ്ക് ലിസ്റ്റിനെയോ സ്ഥലംമാറ്റത്തിനെയോ ബാധിക്കുന്ന തരത്തിൽ ജീവനക്കാരുടെയോ അധ്യാപകരുടേയോ വിവരങ്ങളിൽ പിന്നീട് തെറ്റുകൾ കണ്ടെത്തിയാൽ അതിന്റെ പൂർണ ഉത്തരവാദി ബന്ധപ്പെട്ട പ്രിൻസിപ്പാൾ ആയിരിക്കും.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-

1. എല്ലാ വി.എച്ച്.എസ്.ഇ മേഖലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (താങ്കളുടെ മേഖലയിലെ എല്ലാ ഗവ:വി.എച്ച്.എസ്.എസ്.പ്രിൻസിപ്പൽമാർക്കും പരിപത്രം ലഭ്യമാക്കേണ്ടതാണ്.
2. എല്ലാ ഗവ:വി.എച്ച്.എസ്.എസ്.പ്രിൻസിപ്പൽമാർക്കും(ബന്ധപ്പെട്ട അസിസ്റ്റന്റ് ഡയറക്ടർ മുഖാന്തിരം)
3. ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, തിരുവനന്തപുരം
4. എസ്.എഫ്/ഒ.സി

JBS- 21.4.2022